# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26

## ആമുഖം:-

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഓരോ അക്കാദമിക മാസ്റ്റർപ്ലാനും തയ്യാറാക്കപ്പെടുന്നത്. മാറ്റങ്ങളുടെ കാഹളമുയരുന്ന കാലഘട്ടത്തിന്റെ അലയൊലികൾക്ക് കാലാനുസൃതമായി പ്രതികരിക്കുവാൻ മാറ്റങ്ങളോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് അനിവാര്യമാണ്.

## കാഴ്ചപ്പാട് :-

ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, കൂടുതൽ ആസ്വാദ്യകരമായ രീതിയിൽ, ഓരോ വിദ്യാർത്ഥിക്കും അവരവരുടെ പ്രത്യേകതകൾക്കനുസരിച്ച് അതാത് ക്ലാസ്സുകളിൽ നിന്നും ലഭിക്കേണ്ട പഠനനേട്ടങ്ങൾ നൽകുവാൻ തക്കപഠനാന്തരീക്ഷവും പഠനരീതികളും സാധ്യമാക്കുക എന്ന കാഴ്ചപ്പാടോടെയാണ് മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

## ലക്ഷ്യങ്ങൾ :-

- ICT സാധ്യകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളുടെ ഇടപെടൽ സാധ്യമാക്കി, ആയാസരഹിതവും, ആഹ്ലാദകരവുമായ പഠനാനുഭവം സൃഷ്ടിക്കുക.
- പഠനപ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങളായ കലാ, കായിക, പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുക..
- ക്ലബ്ബ് പ്രവർത്തനങ്ങളിലും, ലാബ്, ലൈബ്രറി പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക,
- സമൂഹവും, വിദ്യാലയവും തമ്മിൽ ഊഷ്മളമായ ബന്ധങ്ങൾ രൂപീകരിക്കാനുതകുന്ന പദ്ധതികളുടെ ആസൂത്രണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കൊപ്പം തന്നെ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കും നൂതനമായ പഠനയന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

ഈ അധ്യയനവർഷാരംഭത്തിന് മുന്നോടിയായി പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും യോഗം ചേരുകയും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള രൂപ രേഖ ആവിഷ്കരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത മേഖലകൾ താഴെ പറയുന്നു.

## *പാഠ്യപദ്ധതി വിനിമയം   പരിപോഷണം*

5-ാം ക്ലാസ്സ് മുതസ് 10-ാം ക്ലാസ്സ്  വരെയുള്ള കുട്ടികളുടെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ശേഷീമേഖലകളായ ഭാഷാനിലവാരം, വായന, എഴുത്ത്, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ തലങ്ങളിൽ കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥ, അവയെ മെച്ചപ്പെടുത്താനുള്ള പുതിയ ആശയങ്ങൾ എന്നിവയുടെ ആസൂത്രണം നടത്തി.

## *പഠനാന്തരീക്ഷം:-*

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കാൻ ഉതകുന്ന ഘടകങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ, ക്ലാസ്മുറികളുടെ സജീകരണം, സ്മാർട്ട് ക്ലാസ്മുറികൾ, ലൈബ്രറി, ലബോറട്ടറി, ജൈവവൈവിധ്യ ഉദ്യാനം, കളിസ്ഥലം, കളിയുപകരണങ്ങൾ, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം, ലഭ്യത എന്നിവയെല്ലാം പരമാവധി ലഭ്യമാക്കുവാൻ തീരുമാനിച്ചു.

കൂടാതെ സ്കൗട്ട്, എസ്.പി.സി, എൻ.സി.സി., ജെ. ആർ.സി., ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംഘടനകളുടെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനിച്ചു.

## *ഭൗതിക സാഹചര്യം :-*

സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങളിൽ ഉൾപ്പെടുത്തി, സ്കൂൾ ബസ് - ഗതാഗതസൗകര്യം, മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ, വിശാലമായ വാഷ് ഏരിയ, ശുചിത്വമുള്ള പാചകപ്പുര, ശുദ്ധജല ലഭ്യത എന്നീ കാര്യങ്ങളിലെല്ലാം ആവശ്യമായ സജ്ജീകരണങ്ങളും പരിഷ്ക്കാരങ്ങളും നേരത്തെതന്നെ നടത്തിയിരുന്നു. കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും സ്കൂൾ ഗാർഡൻ നിർമ്മാണവും ഗേറ്റിന്റെ നിർമ്മാണപ്രവർത്തനവും വികസനപ്രവർത്തനങ്ങളുടെ ഭാഗമായി. കൂടാതെ ബസ് പാർക്കിംഗ് ഏരിയായും നവീകരിക്കപ്പെട്ടു.

## *സാമൂഹ്യ സൗഹൃദ മെച്ചപ്പെടുത്തൽ :-*

പി.ടി.എ., പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക വിദഗ്ദ്ധർ എന്നിവരുടെ പിന്തുണ ശക്തമാക്കുവാനുതകുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആലോചന നടത്തി.

## അധ്യാപകരുടെ സ്വയം വിലയിരുത്തൽ:-

പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും പഠന സാമഗ്രികൾ യഥാസമയം ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തുകയും അധ്യാപക-രക്ഷാകർതൃബന്ധം കൂടുതൽ ശക്തമാക്കി. സൗഹാർദ്ദപരമായ, പരസ്പര പിന്തുണ നൽകുന്ന ബന്ധം ഊട്ടിയുറപ്പിക്കുവാനും തക്ക പദ്ധതികൾ ആസൂത്രണം ചെയ്തു.

## കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ:-

കുട്ടികളുടെ കുടുംബപശ്ചാത്തലവും മറ്റ് സാഹചര്യങ്ങളും സൃഷ്ടിക്കുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ, ലഹരി ഉപയോഗം, അതിക്രമങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലമുള്ള പ്രശ്നങ്ങൾ ഒക്കെ മനസ്സിലാക്കുന്നതിനായി കുട്ടികളുമായി അടുത്തറിയാനുള്ള സാഹചര്യം അവരുടെ ഭവന സന്ദർശനം, കേസ്സ്റ്റഡി എന്നിവ നടത്തി പ്രശ്നപരിഹാരത്തിൽ അധ്യാപകർ പ്രധാന പങ്ക് വഹിക്കുവാൻ തീരുമാനിച്ചു. അതിനായി Students Profile, Care Study Book എന്നിവ ഈ വർഷവും ഉപയോഗിക്കാൻ തീരുമാനിച്ചു. ആവശ്യമായവർക്ക് കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

സ്കൂളിൽ മുൻകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന എല്ലാ പ്രവർത്തനങ്ങളും തുടർന്നുകൊണ്ടുപോകുവാനും പുതിയ പദ്ധതികളെ കൂടുതൽ മികച്ചരീതിയിൽ നടപ്പിലാക്കുവാനും തീരുമാനിച്ചതനുസരിച്ച് അധ്യാപകർ സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ സബ്ജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനകലണ്ടർ തയ്യാറാക്കി. പ്രവർത്തനകലണ്ടർ അവതരണം നടത്തി കൂടുത ൽ മെച്ചപ്പെടുത്തലുകൾ നൽകി പരിഷ്കരിച്ചു. പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം പൊതു പി.ടി.എ. യോഗത്തിലും അവതരിപ്പിച്ചു.

അക്കാദമിക മാർഗ്ഗരേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയ കർമ്മപരിപാടികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് മെച്ചപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ. ഓരോ വിഷയത്തിലും എ പ്ലസ് നേടാൻ കഴിവുള്ള കുട്ടികൾക്കും അതുപോലെ പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കും പ്രത്യേക പരിശീലനവും പരിഗണനയും പിന്തുണയും നൽകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അവയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ പരിപാടി ആസൂത്രണം ചെയ്തു.

മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തലും അവലോകനവും എല്ലാ മാസവും എസ്.ആർ.ജി.യിൽ നടത്തുവാനും തീരുമാനമെടുത്തു. എല്ലാ കർമ്മപദ്ധതികളുടെയും മോണിറ്ററിംഗിന് നേതൃത്വം നൽകുന്നത് പ്രഥമാധ്യാപകനായിരിക്കും എന്ന് യോഗത്തിൽ അറിയിക്കുകയുണ്ടായി.

**STD - V**

**മലയാളം**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ് (ജൂൺ ആദ്യവാരം)<br>2. അക്ഷര കാർഡുകളിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br>3. വാക്കുകൾ എഴുതിയ കാർഡ്<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കുക<br>6. ചിത്രം - അടിക്കുറിപ്പ് എഴുതുക | ഭാഷാപരമായ പിന്നാക്കാവസ്ഥ കണ്ടെത്താൻ പ്രീ ടെസ്റ്റ്<br><br>അക്ഷരം ഉറപ്പിക്കൽ<br>ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>ചിത്രം നൽകി അടിക്കുറിപ്പ് എഴുതിക്കുന്നു. | ജൂൺ ആദ്യവാരം<br><br>ജൂൺ രണ്ടാമത്തെ ആഴ്ച<br><br>ജൂൺ 3, 4 ആഴ്ചകൾ |
| വായനാദിനം<br>ഭാഷാവികസനത്തിന് | പി.എൻ. പണിക്കർ അനുസ്മരണം<br>ക്ലാസ്സ് ലൈബ്രറി<br>വായനോത്സവം സംഘടിപ്പിക്കൽ | ക്വിസ് മത്സരം<br>പോസ്റ്റർ നിർമ്മാണം<br>വായന പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ 3-ാം ആഴ്ച<br>ജൂൺ 3, 4 ആഴ്ചകൾ |
| വായനാക്കുറിപ്പ് | ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. അവയിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.<br><br>പഠന പിന്തുണ ആവശ്യമുള്ളവർക്ക് നൽകുന്ന പ്രവർത്തനം.<br>ഈ അവധിക്കാലത്ത് നടത്തിയ യാത്രയെക്കുറിച്ച് വിവരണം നൽകുക. | വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ ആദ്യ ആഴ്ച |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും നടത്തുന്നു. | | ജൂൺ - മാർച്ച് |
| വ്യക്തിഗത ചനകൾ | രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വ്യക്തിഗത രചനാ പ്രോത്സാഹനം | രണ്ടുമാസത്തിലൊരിക്കൽ |
| മികവ് | | | മാർച്ച് ആദ്യം |

**STD - VI**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

**മലയാളം**

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ് (ജൂൺ ആദ്യവാരം)<br>2. അക്ഷര കാർഡുകളിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br>3. വാക്കുകൾ എഴുതിയ കാർഡ്<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കുക<br>6. ചിത്രം - അടിക്കുറിപ്പ് എഴുതുക | ഭാഷാപരമായ പിന്നാക്കാവസ്ഥ കണ്ടെത്താൻ പ്രീ ടെസ്റ്റ്<br><br>അക്ഷരം ഉറപ്പിക്കൽ<br>ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>ചിത്രം നൽകി അടിക്കുറിപ്പ് എഴുതിക്കുന്നു. | ജൂൺ ആദ്യ വാരം<br><br>ജൂൺ രണ്ടാമത്തെ ആഴ്ച<br><br>ജൂൺ 3, 4 ആഴ്ചകൾ |
| ഭാഷാവികസനത്തിന് | പി.എൻ. പണിക്കർ അനുസ്മരണം<br>ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി<br>വായനോത്സവം സംഘടിപ്പിക്കൽ<br>ലൈബ്രറി പുസ്തകങ്ങളുടെ സമാഹരണം, വിതരണം, പുസ്തകപ്രദർശനം | വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ 3, 4 ആഴ്ചകൾ |
| ഭാഷയുടെ വിവിധ രൂപങ്ങൾ പരിചയപ്പെടൽ | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>ജീവചരിത്രക്കുറിപ്പ്<br>താരതമ്യക്കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>കഥാപാത്രനിരൂപണം | ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നു. | ആഗസ്റ്റ്-ഫെബ്രുവരി |
| മികവ് | | | മാർച്ച് |
| | | | |

**STD - VII**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

**മലയാളം**

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ് (ജൂൺ ആദ്യവാരം)<br>2. വാക്കുകൾ എഴുതിയ കാർഡ്<br>3. വാക്യങ്ങൾ നിർമ്മിക്കൽ<br>4. കഥ പൂർത്തിയാക്കൽ<br>5. യാത്രാവിവരണം തയ്യാറാക്കൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തൽ പ്രീ - ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ | ജൂൺ ആദ്യ വാരം<br>ജൂൺ |
| വായനാദിനം | പി.എൻ. പണിക്കർ അനുസ്മരണം<br>വായനാക്കുറിപ്പ്<br>പോസ്റ്റർ നിർമ്മാണം<br>വായനാദിന ക്വിസ് മത്സരം | വായനാദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | ജൂൺ 3-ാം വാരം |
| ഭാഷാ വികസനത്തിന് | സെമിനാർ<br>ഉപന്യാസ രചന | | ജൂലൈ - ഡിസംബർ |
| ലഹരി - ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസ്സ്<br>ഫ്ളാഷ് മോബ്<br>പോസ്റ്റർ നിർമ്മാണം<br>ലഹരി വിരുദ്ധ റാലി നടത്തുക<br>ഡിബേറ്റ്, സെമിനാർ | ലഹരിയുടെ ദൂഷ്യഫലത്തെക്കുറിച്ച് അറിവ് നേടുന്നു. | ജൂൺ - ഡിസംബർ |
| ഇ-വായന | വിക്കിപീഡിയ പരിചയപ്പെടുത്തൽ, ഇന്റർനെറ്റിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കൽ | ഇ-വായന പരിചയപ്പെടുത്തൽ | ജനുവരി - മാർച്ച് മാസത്തിലൊരിക്കൽ |
| മികവ് | | | മാർച്ച് ആദ്യവാരം |

**STD - VIII, IX, X**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024 – 25

**മലയാളം**

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ എഴുത്ത്<br>• വിവിധതരം കുറിപ്പുകൾ<br>• അവതരണം<br>പിന്നാക്കാവസ്ഥ (ഭാഷാപരം) നേരിടുന്ന കുട്ടികൾക്ക് വീണ്ടും പ്രത്യേകം ക്ലാസ്സുകൾ | പുസ്തകങ്ങൾ ചിത്രങ്ങൾ, വീഡിയോകൾ<br><br>പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചാർട്ടുകൾ | ജൂൺ<br>അധ്യാപകർ<br><br>ജൂലൈ<br>സഹപാഠികൾ<br><br>ഓഗസ്റ്റ് - നവംബർ<br>അധ്യാപകർ |
| കുട്ടിയെ മികച്ച വായക്കാരാക്കുക | ക്ലാസ്സ് ലൈബ്രറി, ക്ലാസ്സ് വായനകൂട്ടം<br>സ്കൂൾ ലൈബ്രറിയുടെ ഉപയോഗം<br>വായനാവാരം - വായനോത്സവം<br>പത്രവായന, പുസ്തകചർച്ച<br>വായനാനുഭവം വായനാക്കുറിപ്പ്<br>പതിപ്പ് ദിനാചരണങ്ങൾ<br>ഇ-വായന | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ, ഇന്റർനെറ്റ് | അധ്യാപകർ<br>വിദ്യാരംഗം<br>സാഹിത്യവേദി |
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | എഴുത്തുകൂട്ടം, പുസ്തകചർച്ച ,<br>വായനക്കുറിപ്പ് പതിപ്പ്, ആസ്വാദനക്കുറിപ്പ്,<br>വ്യക്തിഗത രചന,<br>സാഹിത്യകാരൻമാരുമായി അഭിമുഖ സംഭാഷണം | പുസ്തകങ്ങൾ<br>ലൈബ്രറി പുസ്തകങ്ങൾ | നംവബർ - ഡിസംബർ<br>അധ്യാപകർ |

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്താക്കുക | പ്രസംഗ പരിശീലനകളരി, പ്രസംഗമത്സരങ്ങൾ,<br>ദിനാചരണവുമായി ബന്ധപ്പെട്ട മത്സരങ്ങൾ,<br>മികച്ച പ്രസംഗങ്ങൾ (ഓഡിയോ) കേൾപ്പിക്കൽ<br>പ്രസംഗാവതരണത്തിന് വേദികൾ ഒരുക്കുന്നു. | ഓഡിയോ വീഡിയോ പുസ്തകങ്ങൾ | ജൂലൈ<br>ജനുവരി |
| നാടകം ഷോർട്ട് ഫിലിം തുടങ്ങിയവയ്ക്ക് തിരക്കഥ സംവിധാനം അഭിനയം | പാഠഭാഗത്തെ നാടകങ്ങൾ അവതരണം, തിരക്കഥ, രചന, കുട്ടികളുടെ ചലച്ചിത്രപ്രദർശനം, നിരൂപണം, ഷോർട്ട് ഫിലിം നിർമ്മാണം അവതരണം, ക്യാമറ, എഡിറ്റിംഗ് തുടങ്ങിയ സാങ്കേതിക പരിശീലനം | വീഡിയോകൾ<br>സിനിമ, സാങ്കേതിക വിദ്യയിൽ പരിശീലനം | തുടർമാസങ്ങൾ<br>അധ്യാപകരും<br>ICT സാധ്യത |
| പ്രകൃതിയെ അറിയാൻ | ഉദ്യാനപരിപാലനം, പൂന്തോട്ട നിർമ്മാണം, ഫീൽഡ് ട്രിപ്പുകൾ, സെമിനാറുകൾ | സ്കൂൾ ക്ലബ്ബുകൾ<br>സാഹിത്യവേദി | ക്ലബ്ബ് ചുമതലയുള്ള<br>അധ്യാപകർ |
| | | | |

# English Club - 2025-2026

| Day | Date | Activities |
|---|---|---|
| National Reading Day | 19-6-2025 | News Reading Competition |
| World Youth Skills day | 15-7-2025 | Story Telling Competition |
| Independence Day | 15-8-2025 | Speech Competition |
| World Peace Day | 21-9-2025 | Poem Recitation |
| National Anti-Drug Day | 2-10-2025 | Poster Making |
| World Human Rights Day | 10-12-2025 | Essay Writing Competition |
| National Youth Day | 12-1-2026 | Speech Competition |
| World Day for Drama | 27-03-2026 | Script Writing Competition |
| | | |

STD - V & VI

English

# Academic Master Plan

| Programme | Activity | Learning outcome | Duration |
|---|---|---|---|
| Language Games | Action Race, Simon Says, Word Jumble Race, Charadas | Students develop a good vocabulary and creativity | June<br>July<br>(2nd and 4th Friday) |
| Story Telling | Picture cards, Freeze Frame, Story Time | Students will develop an interest in reading short story books. | August,<br>September |
| Public speaking | Self Introduction, Elocution, Debate | Students will develop confidence and oratory skills | September-<br>October<br>November |
| Drama | Choreography, Skit, Roleplay | Students will develop creative skills | December<br>January |
| Young talents, Anchoring, News Reading, Story Circle | English club could conduct all these activities | Students will develop pronunciation and critical thinking. | 1 Year<br>(holidays) |
| | | | |

STD - VII

English

# Academic Master Plan

| Programme | Activity | Learning outcome | Duration |
|---|---|---|---|
| Elglish Day | Language games, story circle, Recitation, anchoring, thought for the day | Boot interest in speaking, reading, listening and writing skills. | June<br>July<br>(2nd and 4th Friday) |
| Public Speaking<br>Elocution Competions | Extempore, Elocution, Debate | Develop oratory skiils and confidence | August,<br>September |
| Theative and script writing | Drama, Skit, Role play, Choreography | Boost creativity and writing skills. | September-<br>October |
| Cinema and Documentary | Short films, Documentaries animes etc. | Students will develop listening and comprehasion skills, emotinal and cultural awareness, critical thinking. | November -<br>December |
| Young talents, commentary magazine,<br>Poster making | English club could conduct these activities | Students will develop pronunciation and writing - editing skills | 1 Year<br>(holidays) |
|  |  |  |  |

STD - VIII

English

# Academic Master Plan

| Skills | Activities | Learning outcome | Month |
|---|---|---|---|
| Enact the roles<br><br>Dialogue Presentation, attitudes etc. | Role Play | Enact different ideas assigned to them on the topic "Say No to Drugs" | July |
| Enhancing the writing skill of the learner | Character Sketch | Developing the writing skill of the learner | October |
| Expression of ideas attractively | Poster making | Prepare posters on socially relevant issues | November |
| | | | |

**STD - IX**

**English**

# Academic Master Plan

| Skills | Activities | Learning outcomes | Month |
|---|---|---|---|
| Public Performance skills, Communication skills | Skit | Pupils enact the skit based on the topic "Drug abuse: A Silent Killer" | July |
| Develops language imagination | Story narration | Children narrate the given story using different narrative techniques | September |
| Reading | Newspaper reading | Teacher lets the students to read English newspaper with proper voice modulation and facial expression | December |
| | | | |

STD - X

English

# Academic Master Plan

| Skills | Activities | Learning outcomes | Month |
|---|---|---|---|
| Speaking skills | Teacher gives a topic in the class and asks children to speak 2-3 minutes about it | Learners deliver a speech based on the given topic 'The dangers of Drug Abuse: A threat to our Future' with proper voice modulation, facial expression etc. | July |
| Developing writing skill of the learner | Article | Analysing a article understanding the basic features and preparing an article on the their own. | September |
| Grammatical skills | Language element<br>Reported speech | Learners understand to report a given dialogue | November |
| | | | |

UP ഹിന്ദി

V, VI, VII

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
| --- | --- | --- | --- |
| അക്ഷരപരിജ്ഞാനം | അക്ഷരം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>ചിത്രം നിരീക്ഷിച്ച് പേര് എഴുതുക. | എല്ലാ കുട്ടികളെയും എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുക | ആഗസ്റ്റ് 30 |
| ഭാഷാവികസനത്തിന് | ചിത്രകഥകൾ തയ്യാറാക്കുക<br>കഥകൾ ക്രമപ്പെടുത്തൽ<br>ചെറിയ കവിതകൾ പൂർത്തിയാക്കൽ<br>(കഥകൾ, ചിത്രകഥ, കവിതകൾ മുതലായ പുസ്തകം നൽകൽ)<br>ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സുകൾ | ചിത്രങ്ങൾ നിരീക്ഷിച്ച് കഥാഭാഗങ്ങൾ ക്രമപ്പെടുത്തുക.<br>ക്രമരഹിതമായ വാക്യങ്ങൾ ക്രമപ്പെടുത്തി കഥ തയ്യാറാക്കുക | ഒക്ടോബർ 20 |
| സംഭാഷണം, ലേഖനം, കത്ത്, പോസ്റ്റർ എന്നിവയുടെ തയ്യാറാക്കൽ | ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കിയും സംഭാഷണം, ലേഖനം, കത്ത് എന്നിവയ്ക്ക് മാതൃകകൾ നല്കി അവ തയ്യാറാക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. | പോസ്റ്റർ, കത്ത്, സംഭാഷണം, ലേഖനം എന്നിവ തയ്യാറാക്കാൻ പഠിപ്പിക്കുന്നു. | ജനുവരി 30 |
| വ്യക്തിഗത രചനകൾ, വായന | കുട്ടികളുടെ സർഗ്ഗശേഷി വളർത്തുവാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഡിജിറ്റൽ മാധ്യമങ്ങളിലൂടെ വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ഹിന്ദി ഭാഷ മനസ്സിലാക്കി സ്വന്തമായി ചെറിയ രചനകൾക്ക് രൂപം നല്കുന്നു. | ഫെബ്രുവരി 15 |
| | | | |

# HINDI ACTIVITY CALENDER 2025-26

| Day | Date | Activity |
|---|---|---|
| World Anti Child Labour Day | 12-06-2025 | Poster Making Competition |
| Reading Day | 19-02-2025 | Reading Competition |
| Formation of Club Class Wise | 23-06-2025 | Selection of Club |
| Prem Chand Day | 31-07-2025 | Quiz Competition |
| Hindi Day | 14-09-2025 | Webiner |
| Death Anniversary of Prem Chand | 08-10-2025 | Speech Competition |
| Hindi Day | 10-01-2026 | Poster Making Competition |

**कक्षा - VIII**

**ഹിന്ദി**

# वार्षिक रूप रेखा - 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br>എണ്ണങ്ങൾ, മാസങ്ങൾ, ദിവസങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു. നിറങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, പൂക്കൾ വിവിധ ഇനം ഉപകരണങ്ങൾ എന്നിവയുടെ പേരുകൾ പഠിപ്പിക്കുന്നു. | കുട്ടികൾക്ക് അക്ഷരങ്ങൾ ഉറക്കെ വായിക്കാൻ അവസരങ്ങൾ നൽകുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു.<br><br>ക്ലാസ്സിലെ ഓരോ വിദ്യാർത്ഥികളുടെയും പേര്, വീട്ടുപേര്, ജനനതീയതി, സ്ഥലം എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു, വായന പരിശീലനത്തിന് അധികപ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ പരിശീലിപ്പിക്കുന്നു. | കാർട്ടൂൺ, ചിത്രക്കഥ, കവിതകൾ വായനക്കായി നൽകുന്നു. | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| ഓരോ മാസത്തിലും ദിനാച രണം നടത്തി കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നു. | പോസ്റ്റർ നിർമ്മാണം, പ്രസംഗം, പദ്യംചൊല്ലൽ, കഥാ രചന, കവിതാ രചന, വായനാ മത്സരം, കയ്യെഴുത്ത് മത്സരം, ഉപന്യാസ രചന എന്നിവ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| സമയാധിഷ്ഠിതമായി പാഠഭാഗ ങ്ങൾ പഠിപ്പിക്കുന്നു. ICT സാധ്യ തയിലൂടെയുള്ള ഹിന്ദി പഠനം ഉറപ്പാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ നടത്തുന്നു.<br>പ്രൊജക്ട്, അസൈൻമെന്റ് എന്നിവ കുട്ടികൾ തയ്യാ റാക്കുന്നു. ഓരോ ആഴ്ചയിലും മാസത്തിലും നിര ന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റു കൾ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വ്യാകരണം കുട്ടികളെ പഠിപ്പിക്കുന്നു. | വിധിക്രിയ, സർവനാമം, വിശേഷണം, കാലം എന്നിവ പഠിപ്പിച്ച് വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| | | | | |

कक्षा - IX

ഹിന്ദി

# वार्षिक रूप रेखा - 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| അക്ഷരങ്ങൾ, എഴുതുവാനും വായിക്കുവാനും വാക്കുകൾ ഉണ്ടാക്കാനും ചെറിയ ചെറിയ വാക്യങ്ങൾ എഴുതുവാനും പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉച്ചത്തിൽ വായിക്കാനും എഴുതാനും അവസരം നൽകുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചരാണം കൂടുതുലായി പരിചയപ്പെടുത്തുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| എണ്ണങ്ങൾ, ആഴ്ചയുടെ പേരുകൾ / ദിവസങ്ങളുടെ പേരുകൾ, നിറങ്ങൾ, പൂക്കൾ. | ഓരോ കുട്ടിയുടെയും പേര്, സ്ഥലം, ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| ഓരോ മാസത്തിലും ദിനാചരങ്ങൾ നടത്തി കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നു. | കവിത രചന, പ്രസംഗം, വായന, മത്സരം, പദ്യം ചൊല്ലൽ, പോസ്റ്റർ നിർമ്മാണം, ഉപന്യാരചന, കയ്യെഴുത്ത്, ക്വിസ്, നാടകം, എന്നിവ നടത്തുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| പോസ്റ്റർ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകി പോസ്റ്റർ ഉണ്ടാക്കാൻ പറയുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു | ചെറിയ ചെറിയ കവിതകളുടെ ആസ്വാദനക്കുറിപ്പുകൾ പരിചയപ്പെടുത്തി വിവിധയിനം കവിതകളുടെ ആസ്വാദനക്കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| ഐ.സി.റ്റി. ഉപയോഗിച്ചുള്ള ഫലപ്രദമായ ഹിന്ദി ക്ലാസ്സുകൾ നൽകുന്നു. സമയബന്ധിതമായി പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്സ് റൂമിൽ നടത്തുന്നു. പ്രൊജക്ട്, അസൈൻമെന്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും മാസത്തിലും നിരന്തര മൂല്യ നിർണ്ണയത്തിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ - ഫെബ്രുവരി | | |

कक्षा - X

ഹിന്ദി

# वार्षिक रूप रेखा - 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| കുട്ടികളുടെ ആശയവിനിമയ നൈപുണ്യവും ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷസമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>ഹിന്ദി ദിനാചരണത്തോടൊപ്പം മറ്റ് ദിനാചരണങ്ങളും ഫലപ്രദമായി നടത്തുന്നു. | കവിതാരചന, കഥാരചന, പദ്യം ചൊല്ലൽ, വായനമത്സരം, പ്രസംഗം, പോസ്റ്റർ നിർമ്മാണം, കയ്യെഴുത്ത് മത്സരംസ പ്രശ്നോത്തരി, നാടകം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| നാമം,സർവ്വനാമം, വിശേഷണം, കാലം എന്നീ വ്യാകരണ ഭാഗങ്ങളോടൊപ്പം കത്ത്, ഡയറി, തിരക്കഥ, ഉപന്യാസ ലേഖനം, പോസ്റ്റർ നിർമ്മാണം, ആസ്വാദനക്കുറിപ്പ്, വാക്യപിരമിഡ് എന്നിവ പരിശീലിപ്പിക്കുന്നു. | വിവിധയിനം ഡയറി, കത്ത്, തിരക്കഥ, പോസ്റ്റർ, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതിക്കുന്നു. വ്യാകരണവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ ഡിസംബർ മാസത്തോടു കൂടി പൂർത്തിയാക്കുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. പ്രോജക്ട്, അസൈൻമെന്റ്, എന്നിവ കുട്ടികൾ തയ്യാറാക്കുന്നു, നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി പരീക്ഷകൾ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പഠനപിന്തുണ നൽകുന്നു. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| | | | | |

STD V

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

**സോഷ്യൽ സയൻസ്**

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ബോധവത്ക്കരണ ക്ലാസ്സുകൾ | ട്രാഫിക് നിയമങ്ങൾ, ലഹരി, ശുചിത്വം, സൈബർ അവബോധം, പൊതു നിരത്തിലെ നിയമങ്ങൾ, | ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക | ജൂൺ |
| ഭൂപടവായന- കേരളം | കേരളത്തിന്റെ ഭൂപടത്തിൽ ജില്ലകൾ അടയാളപ്പെടുത്തുന്നു. | കേരളത്തിലെ ജില്ലകൾ കുട്ടികൾ തിരിച്ചറിയുന്നു. ഭൂപടത്തിൽ രേഖപ്പെടുത്താൻ പ്രാപ്തിനേടുന്നു. | ജൂലൈ- ആഗസ്റ്റ് |
| സൗരയൂഥം | ഗ്രഹങ്ങളുടെ സ്ഥാനം തിരിച്ചറിയുന്നു. | ഗ്രഹങ്ങളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു. | സെപ്റ്റംബർ - ഡിസംബർ |
| വൻകരകൾ, സമുദ്രങ്ങൾ | ലോകഭൂപടത്തിൽ വൻകരകളും സമുദ്രങ്ങളും അടയാളപ്പെടുത്തുന്നു, | വൻകരകളുടെയും സമുദ്രങ്ങളുടെയും സ്ഥാനം തിരിച്ചറിയുന്നു. | ജനുവരി - മാർച്ച് |
| | | | |

**STD VI**

**സോഷ്യൽ സയൻസ്**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ശിലയുഗം, ശിലായുഗസംസ്കാരം | മനുഷ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളും അവയുടെ സവിശേഷതകളും പട്ടികപ്പെടുത്തുക.<br>സംസ്കാരങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സെമിനാർ അവതരിപ്പിക്കുന്നു. | മനുഷ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ തിരിച്ചറിഞ്ഞു. | ജൂൺ |
| നഗര രാഷ്ട്രങ്ങൾ-<br>രാഷ്ട്ര രൂപീകരണം<br>ഇന്ത്യയിൽ | ഗ്രീക്ക്, റോമൻ നഗരരാഷ്ട്രങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.<br>ജൈന, ബുദ്ധമതങ്ങളുടെ സവിശേഷതകൾ ഉൾക്കൊള്ളിച്ച് സെമിനാർ തയ്യാറാക്കുക | ഗ്രീക്ക്, റോമൻ, സവിശേഷതകളും, ജൈന, ബുദ്ധമത സവിശേഷതകൾ തിരിച്ചറിയുന്നു. | ജൂൺ |
| ഭൂപടവായന | പ്രധാനവെങ്കലയുഗ സംസ്കാരങ്ങൾ നിലനിന്നിരുന്ന സ്ഥലങ്ങൾ, മഹാജനപഥങ്ങൾ എന്നിവ ഭൂപടത്തിൽ രേഖപ്പെടുത്തുക. | വെങ്കലയുഗ സംസ്കാരങ്ങൾ, മഹാജനപഥങ്ങൾ ഇവ നിലനിന്നിരുന്ന സ്ഥലങ്ങൾ മനസ്സിലാക്കുന്നു. | ആഗസ്റ്റ് |
| അക്ഷാംശ രേഖാംശ രേഖകൾ | പ്രധന അക്ഷാംസരേഖാംശ രേഖകൾ തിരിച്ചറിഞ്ഞ് മോഡൽ നിർമ്മിക്കുക, | അക്ഷാംശ രേഖാംശ രേഖകൾ തിരിച്ചറിയുന്നു. | സെപ്തംബർ |
| | | | |

**STD VII**

**സോഷ്യൽ സയൻസ്**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| മധ്യകാല ഇന്ത്യ | മുഗൾ ഭരണം നിലനിന്നിരുന്ന രാജ്യങ്ങൾ കണ്ടെത്തി ഭൂപടത്തിൽ രേഖപ്പെടുത്തുക. | മുഗൾ ഭരണാധികാരികളെയും ഭരണനേട്ടങ്ങളെയും തിരിച്ചറിയുക | ജൂൺ |
| മധ്യകാല ഇന്ത്യ സാംസ്കാരിക പ്രസ്ഥാനങ്ങൾ | മതസാഹോദര്യവും, സമത്വവും ഉറപ്പുവരുത്താൻ കബീറിന്റെ പ്രവർത്തനങ്ങൾ എപ്രകാരം സഹായകമായി എന്നത് ചർച്ച ചെയ്യുക. | ഭക്തി പ്രസ്ഥാനം സമൂഹത്തിൽ ചെലുത്തിയ സ്വാധീനം മനസ്സിലാക്കുക. | ജൂലൈ 15 |
| ഭക്തി, സൂഫി പ്രസ്ഥാനം | ഭക്തി, സൂഫി പ്രസ്ഥാനങ്ങൾ നിലനിന്നിരുന്ന സംസ്ഥാനങ്ങൾ കണ്ടെത്തി ഭൂപടത്തിൽ രേഖപ്പെടുത്തുക, | ഭക്തി, സൂഫി പ്രസ്ഥാനങ്ങൾ നിലനിന്നിരുന്ന സംസ്ഥാനങ്ങൾ കണ്ടെത്താൻ പ്രാപ്തരാക്കുന്നു. | ജൂലൈ 30 |
| മൗലികാവകാശങ്ങൾ, ചുമതലകൾ, ഭേദഗതികൾ | ഭരണഘടനയുടെ സവിശേഷതകളെ കുറിച്ച് ചർച്ച, ഭേദഗതികളെക്കുറിച്ചുള്ള കാലഗണനക്രമം (ടൈംലൈൻ) തയ്യാറാക്കുക. | ഭരണഘടനയുടെ സവിശേഷതകൾ തിരിച്ചറിയുന്നു; ഭേദഗതികൾ കാലഗണനക്രമത്തിൽ പട്ടികപ്പെടുത്തുന്നു. | ആഗസറ്റ് 1–15 |
| പാർശ്വവത്ക്കരണം | വിവിധതരത്തിലുള്ള പാർശ്വവത്ക്കരണത്തെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക വിവേചനത്തിനെതിരേ നിലനിൽക്കുന്ന നിയമങ്ങൾ, വകുപ്പുകൾ പട്ടികപ്പെടുത്തുന്നു. | പാർശ്വവത്ക്കരണത്തിന്റെ ദോഷങ്ങൾ തിരിച്ചറിയുന്നു. | ആഗസറ്റ് 15–30 |
| സാംസ്കാരിക, സാമൂഹ്യജീവിതം | പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ, സാസ്കാരിക ജീവിതത്തെക്കുറിച്ച് കുറിപ്പ് | സാമൂഹ്യസാംസ്കാരിക ജീവിതരീതി തിരിച്ചറിയുക | സെപ്തംബർ 1–15 |
| ഭൂമിയുടെ ഘടന, അന്തരീക്ഷ ഘടന | ഭൂമിയുടെ ഉള്ളറയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന മാതൃക, അന്തരീക്ഷ ഘടന, പ്രത്യേകതകൾ ഉൾക്കൊള്ളുന്ന സെമിനാർ | ഭൂമിയുടെ ഉള്ളറയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു. അന്തരീക്ഷഘടന, പ്രത്യേകതകൾ മനസ്സിലാക്കുന്നു. | സെപ്തംബർ 15–30 |

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഇന്ത്യൻ ഉപഭൂഖണ്ഡം മണ്ണ്, സസ്യജാലങ്ങൾ, കൃഷി | ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സ്ഥാനം, രാജ്യങ്ങൾ, എന്നിവ ഭൂപടത്തിൽ അടയാളപ്പെടുത്തുക. | ഇന്ത്യൻ ഉപഭൂഖണ്ഡം, രാജ്യങ്ങൾ ഇവയെക്കുറിച്ചുള്ള അറിവ് | ഒക്ടോബർ 1–15 |
| സീസൺ വിളവുകൾ | പ്രധാന വിളകളെയും, സീസണുകളെയും പട്ടികപ്പെടുത്തുന്നു. | പ്രധാന സീസൺ വിളവുകൾ മനസ്സിലാക്കുന്നു | |
| ഭക്ഷ്യസുരക്ഷ | ഉപജീവനകൃഷി, സമ്മിശ്രകൃഷി, തോട്ടവിളകൾ, വാണിജ്യവിളകൾ ഇവയുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു.<br>പ്രധാന ഭക്ഷ്യവിളകളും അവ വിളയുന്ന സംസ്ഥാനങ്ങളും ഭൂപടത്തിൽ രേഖപ്പെടുത്തുക. | വിവിധ വിളകളെക്കുറിച്ചുള്ള അവബോധം | ഒക്ടോബർ 15–30 |
| ഹരിതവിപ്ലവം, ദാരിദ്ര നിർമ്മാർജ്ജനം | ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങളും, കോട്ടങ്ങളും പട്ടികപ്പെടുത്തുക, ദാരിദ്രനിർമ്മാർജ്ജന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലഘുവിവരണം | വിവിധ ദാരിദ്രനിർമ്മാർജ്ജന പരിപാടികൾ മനസ്സിലാക്കുന്നു. | നവംബർ 1–15 |
| അധികാരവികേന്ദ്രീകരണം<br>പഞ്ചായത്തീരാജ്<br>നഗരപാലിക | ജനപ്രതിനിധികളുമായി അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി തയ്യാറാക്കുക<br>ഗ്രാമസഭ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുക | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക. | നവംബർ 16–30 |
| വിദൂരസംവേദനം | വിദൂരസംവേദന മേഖലയിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ചുവർ പത്രിക തയ്യാറാക്കുക. | വിദൂരസംവേദന രീതികളും അവയുടെ സവിശേഷതകളും തിരിച്ചറിയുന്നു. | ഡിസംബർ 1–15 |
| ബജറ്റ് – കുടുംബം, മിച്ച ബജറ്റ്, കമ്മി ബജറ്റ്, സംതുലിത ബജറ്റ് | വരവ്, തെലവ് കണക്കുകളെക്കുറിച്ച് രക്ഷിതാക്കളോട് ചോദിച്ചറിഞ്ഞ് കുടുംബബജറ്റ് തയ്യാറാക്കുക. | മിച്ച ബജറ്റ്, കമ്മിബജറ്റ്, സംതുലിത ബജറ്റ് ഇവ തിരിച്ചറിയുന്നു. | ജനുവരി 1–15 |

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| കോളനി വത്ക്കരണം<br>വർണ്ണ വിവേചനം<br>ദക്ഷിണാഫ്രിക്കയിൽ | വർണ്ണവിവേചന വിരുദ്ധ സമരങ്ങളുടെ നാൾവഴികൾ ഉൾപ്പെടുത്തി സമയരേഖ തയ്യാറാക്കുക. | വർണ്ണവിവേചനത്തെക്കുറിച്ചുള്ള അറിവ് | ജനുവരി 15–30 |
| ചരിത്ര സ്രോതസ്സുകൾ<br>പ്രാദേശിക ചരിത്ര രചന | പ്രധാനപ്പെട്ട ചരിത്രസ്രോതസ്സുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക<br>ചരിത്രസ്രോതസ്സുകളെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക ചരിത്രം എഴുതുക, | ചരിത്ര സ്രോതസ്സ്<br>പ്രാദേശിക ചരിത്രസ്രോതസ്സുകൾ ഇവ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു, | ഫെബ്രുവരി– 1–15 |
| | | | |

**STD - VIII**

**സോഷ്യൽ സയൻസ്**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| പ്രകൃതി ദുരന്തങ്ങൾ, ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ പട്ടികപ്പെടുത്തുന്നു.<br>കുട്ടികൾക്ക് ചെയ്യാവുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾ - ചർച്ച കുറിപ്പ് | ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നേടുന്നു. | ജൂൺ - ജൂലൈ |
| ലഹരി മനുഷ്യജീവിതത്തെ നശിപ്പിക്കുന്നു എന്ന ധാരണ | ലഹരിവിരുദ്ധ മുദ്രാവാക്യരചന, പോസ്റ്റർ തയ്യാറാക്കൽ | ലഹരി സമൂഹത്തിന് വിപത്ത് എന്ന ധാരണ നേടുന്നു.<br>ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ |
| ഭൂമിയിൽ വ്യത്യസ്ത ഋതുക്കൾ അനുഭവപ്പെടുന്നുണ്ട് എന്ന ധാരണ | ഋതുക്കൾ പട്ടികപ്പെടുത്തുന്നു<br>വ്യത്യസ്ത ഋതുക്കൾ അനുഭവപ്പെടുന്നതിനുള്ള കാരണം - കുറിപ്പ് തയ്യാറാക്കുന്നു.<br>വ്യത്യസ്ത ഋതുക്കളിൽ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നു. | വ്യത്യസ്ത ഋതുക്കൾ അനുഭവപ്പെടുന്നു എന്ന് തിരിച്ചറിയുന്നു.<br>ഋതുക്കൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നുണ്ട് എന്ന അറിവ് നേടുന്നു. | ഒക്ടോബർ- നവംബർ |
| | | | |

STD - IX

സോഷ്യൽ സയൻസ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ലഹരിമനുഷ്യജീവിതത്തെ നശിപ്പിക്കുന്നു എന്ന ധാരണ | ലഹരിവിരുദ്ധ മുദ്രാവാക്യ രചന, പോസ്റ്റർ തയ്യാറാക്കൽ | ലഹരി സമൂഹത്തിന് വിപത്ത് എന്ന ധാരണ നേടുന്നു<br>ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ-ജൂലൈ |
| ഇന്ത്യ ഭൂപട വായന ഭൂപ്രകൃതിയനുസരിച്ച് ഇന്ത്യെ 5 പ്രകൃതി വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. | അറ്റ്ലസ് തയ്യാറാക്കൽ<br>പർവ്വതനിരകൾ<br>പീഠഭൂമി<br>തീരസമതലം, നദികൾ | ഇന്ത്യയുടെ ഭൂപ്രകൃതി സ്ഥാന നിർണ്ണയത്തിനുള്ള അറിവ് നേടുന്നു | ജൂലൈ<br>ആഗസ്റ്റ്-<br>സെപ്റ്റംബർ |
| ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ ജനജീവിതം വ്യത്യസ്തമാണ് എന്ന ആശയം നേടുന്നു, | ചുമർ മാസിക തയ്യാറാക്കൽ, വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിലെ ജനങ്ങളുടെ തൊഴിൽ | വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിലെ ജനങ്ങളുടെ തൊവിൽ വ്യത്യസ്തമാണ് എന്ന ധാരണ നേടുന്നു. | ഒക്ടോബർ<br>നവംബർ |
| | | | |

STD - X

സോഷ്യൽ സയൻസ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ധാരണ നേടുന്നു | ഉപഭോക്താവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കൽ - വീടിനടുത്തുള്ള വീടുകളിൽ സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കൽ | ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് അറിവ് നേടുന്നു. ശരിയായ ഉപഭോക്തൃശീലങ്ങൾ ആർജ്ജിക്കുന്നു. | ആഗസ്റ്റ്- സെപ്റ്റംബർ |
| ലഹരി മനുഷ്യജീവിതത്തെ നശിപ്പിക്കുന്നു എന്ന ധാരണ | ലഹരിവിരുദ്ധ മുദ്രാവാക്യങ്ങൾ രചന, പോസ്റ്റർ തയ്യാറാക്കൽ | ലഹരി സമൂഹത്തിന് വിപത്ത് എന്ന ധാരണ നേടുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ - ജൂലൈ |
| വിവിധ കാലാവസ്ഥ മേഖലകൾ - ജനജീവിതം | സെമിനാർ പേപ്പർ തയ്യാറാക്കൽ | വിവിധ കലാവസ്ഥ മേഖലകളിലെ ജനജീവിതം വ്യത്യസ്തമാണെന്ന് മനസ്സിലാക്കുന്നു. | ഒക്ടോബർ - നവംബർ |
| | | | |

STD - VIII

ഫിസിക്സ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024 – 25

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| അടിസ്ഥാന അളവുകളെക്കുറിച്ചുള്ള ധാരണ | പരീക്ഷണങ്ങൾ പരീക്ഷണക്കുറിപ്പ് | ഭൗതീക അളവുകളുടെയും യൂണിറ്റുകളുടെയും ആവശ്യകത ആവശ്യകത വിശദീകരിക്കാൻ കഴിയുന്നു. േദ യൂണിറ്റുകളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ വിവിഗ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്നു. | ജൂൺ – ജൂലൈ |
| ദ്രവ്യത്തിന്റെ വിവിധ അവസ്ഥകൾ, അവസ്ഥാപരിവർത്തനം. | പരീക്ഷണ നിരീക്ഷണങ്ങൾ ഗമൂ | ദ്രവ്യത്തിന്റെ വിവിധ അവസ്ഥകൾ കുട്ടികൾ തിരിച്ചറിയുന്നു. നിത്യജീവിതത്തിലെ അവസ്ഥാ പരിവർത്തനങ്ങളും അതി നാവശ്യമായ ഊർജ്ജരൂപവും കുട്ടികൾ മനസ്സിലാക്കുന്നു, | ജൂലൈ – ആഗസ്റ്റ് |
| വിവിധതരം ദർപ്പണങ്ങളെയും അവ രൂപീകരിക്കുന്ന പ്രതിബിംബങ്ങളെക്കുറിച്ചുള്ള ധാരണ<br><br>കഠിന ജലം. മൃദു ജലം, താരതമ്യപഠനം | പ്രതിബിംബരൂപീകരണം – പരീക്ഷണങ്ങൾ<br><br>പരീക്ഷണ നിരീക്ഷണങ്ങൾ ചർച്ച | വിവിധ തരം ദർപ്പണങ്ങളും അവയുടെ ഉപയോഗങ്ങളും പ്രതി ബിംബ രൂപീകരണവും നിത്യ ജീവിതത്തിലെ അനുഭവങ്ങളി ലൂടെ കുട്ടി തിരിച്ചറിയുന്നു.<br><br>ജല കാഠിന്യത്തിന് കാരണമായ ലവണങ്ങളെ കുട്ടികൾ തിരി ച്ചറിയുകയും താൽകാലിക കാഠിന്യം മാറ്റാനുള്ള മാർഗ്ഗം മനസ്സിലാക്കുകയും ചെയ്യുന്നു. | ഒക്ടോബർ – ഡിസംബർ<br><br>ജനുവരി – ഫെബ്രുവരി |

STD - IX

ഫിസിക്സ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024 – 25

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ന്യൂട്ടന്റെ ചലനനിയമങ്ങളെക്കുറിച്ചുള്ള ധാരണ | പഠനയാത്ര, ചലന ജഡത്വം, നിശ്ചല ജഡത്വം ഇവ നിത്യ ജീവിതത്തിൽ പട്ടികപ്പെടുത്തുന്നു. | റോക്കറ്റ് വിക്ഷപണത്തിന്റെ സാങ്കേതിക തത്ത്വം മനസ്സിലാക്കുന്നു. | ജൂൺ – ജൂലൈ |
| വിവിധ ആറ്റം മാതൃകയിലൂടെ ആറ്റത്തിന്റെ ഘടനയെക്കുറിച്ചുള്ള ധാരണ | ഗമൂ നഗ്ദാ പട്ടിക വിശകലനം | ആറ്റം പദാർത്ഥങ്ങളുടെ അടിസ്ഥാന ഘടകമാണെന്നും ആറ്റത്തിന്റെ ഘടനയെക്കുറിച്ചും ആറ്റത്തിന്റെ മൗലിക കണങ്ങളെക്കുറിച്ചും കുട്ടികൾ മനസ്സിലാക്കുന്നു. | ജൂൺ – ജൂലൈ |
| അമ്മീറ്റർ, ഗാൽവനോമീറ്റർ, വോൽട്ട് മീറ്റർ റിയോ സ്റ്റാറ്റ് എന്നീഉപകരണങ്ങളെക്കുറിച്ചുള്ള ധാരണ.<br><br>രാസബന്ധനം, അയോണിക ബന്ധനം, സഹസംയോജക ബന്ധനം ഇവയെക്കുറിച്ചുള്ള ധാരണ. | മേൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിയുള്ള വൈദ്യുത സർക്കീട്ട് നിർമ്മാണം.<br><br>ഗമൂ, ചാർട്ട് നിർമ്മാണം പട്ടിക വിശകലനം, ചർച്ച | പറഞ്ഞിരിക്കുന്ന ലാബ് ഉപകരണങ്ങൾ സർക്കീട്ടിൽ ഉൾപ്പെടുന്ന വിധവും റീഡിംഗ് എടുക്കുന്ന വിധവും മനസ്സിലാക്കുന്നു.<br><br>മൂലകങ്ങൾ സംയോജിച്ച് സംയുക്തങ്ങൾ ഉണ്ടാക്കുന്നത് എന്തിനെന്നും എങ്ങനെയെന്നും കുട്ടികൾ തിരിച്ചറിയുന്നു. | ജനുവരി – ഫെബ്രുവരി<br><br>ആഗസ്റ്റ് – സെപ്റ്റംബർ |

**STD - VIII, IX, X**
**ഫിസിക്സ്**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഫിസിക്സിൽ താത്പര്യം, കൗതുകം, ജിജ്ഞാസ ഇവ വളർത്തുക | ലഘുപരീക്ഷണങ്ങളിലൂടെ പാഠഭാഗങ്ങൾ പരിചയപ്പെടുത്താനും കുട്ടികൾക്ക് പരീക്ഷണം സ്വയം ചെയ്യാനും ക്ലാസ്സിൽ അവതരിപ്പിക്കാനും അവസരം കൊടുക്കുന്നു.<br>ശാസ്ത്രമേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങളും പുരോഗതിയും, തൊഴിൽ സാധ്യതകളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം |
| അടിസ്ഥാന ആശയങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുക | ഫിസിക്സിലെ അടിസ്ഥാന ആശയങ്ങൾ, തത്വങ്ങൾ, സമവാക്യങ്ങൾ, ശാസ്ത്രജ്ഞന്മാർ ഇവ പ്രദർശിപ്പിക്കാൻ ക്ലാസ്സുകളിൽ ചാർട്ടുകൾ, ബുള്ളറ്റിൻ ബോർഡ് ഇവ സ്ഥാപിക്കുന്നു. സയൻസ് ലാബ്, ഐ.റ്റി ലാബ്, ഐ.സി.റ്റി. ഇവയുടെ കാര്യക്ഷമമായ ഉപയോഗം. | അക്കാദമിക വർഷം |
| ലഹരി വിരുദ്ധത, മാലിന്യ നിർമ്മാർജ്ജനം ഇവയുടെ പ്രാധാന്യം ശാസ്ത്രീയമായി ബോദ്ധ്യപ്പെടുത്തുക, | സ്കൂൾതല ക്വിസ്, സെമിനാർ, പോസ്റ്റർ നിർമ്മാണം, ബോധവത്ക്കരണ ക്ലാസ്സുകൾ ഇവ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെയും വിദഗ്ദ്ധരുടെ മേൽനോട്ടത്തിലും സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം |
| എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ കുട്ടികൾക്കും D+ ഉറപ്പുവരുത്തുക | പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നു. തുടർച്ചയായി പഠന പുരോഗതി ശ്രദ്ധിച്ച് വേണ്ട പിന്തുണ നൽകുന്നു. | അക്കാദമിക വർഷം |
| | | |

# SSLC RESULT IMPROVEMENT ACTIVITES

## BIOLOGY

**പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ:-**

പഠനപ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് ഓരോ യൂണിറ്റിലെയും ഏറ്റവും ലളിതമായ പഠനപ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കി നേരത്തെ തന്നെ അവർക്ക് നൽകുന്നു. ഒറ്റവാക്കിൽ ഉത്തരം എഴുതാൻ പറ്റുന്ന പ്രവർത്തനങ്ങൾ നൽകി പഠിപ്പിക്കുന്നു, ബയോളജി പാഠഭാഗത്തിലെ പ്രധാനചിത്രങ്ങൾ വരച്ച് അടയാളപ്പെടുത്താനുള്ള പരിശീലനവും നടത്തുന്നു. കൂടുതൽ ശ്രദ്ധ ആവശ്യമായവർക്ക് പിന്തുണ നല്കാൻ രക്ഷിതാക്കളുടെയും സഹായം തേടുന്നു.

**A+ നേടാൻ കഴിവുള്ള കുട്ടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ:-**

A+ നേടാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി ഓരോ യൂണിറ്റിലെയും ആപ്ലിക്കേഷൻ ലെവൽ ചോദ്യങ്ങൾ തെരഞ്ഞെടുത്ത് നല്കി ഉത്തരങ്ങൾ എഴുതിക്കുകയും ഉത്തരങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തലുകൾ ആവശ്യമെങ്കിൽ നല്കുന്നു. Hard Spot കളുമായി ബന്ധപ്പെട്ട സംശയങ്ങൾ പരിഹരിച്ച് നല്കുന്നു. മുൻവർഷങ്ങളിലെ Question Paper കൾ നല്കി ഉത്തരം എഴുതുവാൻ പരിശീലനം നല്കുന്നു.

STD - .....

**ബയോളജി**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് |
|---|---|---|---|---|
| അത്ഭുത കണ്ണുകളിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ആടിന്റെ Internal Organs പ്രദർശിപ്പിക്കുന്നു<br>പോത്തിന്റെ കണ്ണ് പ്രാക്ടിക്കൽ<br>മൈക്രോസ്കോപ്പിൽ നിരീക്ഷണ വസ്തു പ്രാക്ടിക്കൽ | അക്കാദമിക കാലം | ബയോളജി | സ്കൂൾ |
| ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക | ക്ലാസ്സിൽ ലഘുപ്രോജക്ടുകൾ നൽകുന്നു.<br>ശാസ്ത്ര മാസിക നിർമ്മിക്കുന്നു<br>പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക കാലം | ബയോളജി അധ്യാപകർ | സ്കൂൾ |
| | | | | |

STD - V

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

## അടിസ്ഥാന ശാസ്ത്രം

| ആശയം | പ്രവർത്തനങ്ങൾ | പഠനലക്ഷ്യം | കാലയളവ് |
|---|---|---|---|
| വിവിധയിനം വിത്തുകൾ തിരിച്ചറിയുക<br>സ്വയംപര്യാപ്തതയുടെ പ്രാധാന്യം<br>അതിന്റെ പ്രായോഗികത | ഗ്രോ ബാഗുകളിലുള്ള പച്ചക്കറി വളർത്തൽ, പച്ചക്കറിത്തോട്ട നിർമ്മാണം, അടുക്കളത്തോട്ട നിർമ്മാണം | നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേണ്ടതാണെന്ന് തിരിച്ചറിയുന്നതിനും, പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനും കഴിയുന്നു.<br>സ്ഥലപരിമിതിയുള്ളവർ ഗ്രോ ബാഗിലും പച്ചക്കറി ഉല്പാദിപ്പിച്ച് ഉപയോഗിച്ചു. | ജൂൺ<br>മാർച്ച് |
| ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു | നിരീക്ഷണം, വിവിരശേഖരണം, പട്ടികപ്പെടുത്തൽ | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഊർജ്ജരൂപങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. | നവംബർ<br>ഡിസംബർ |
| ബഹിരാകാശ പഠനത്തെക്കുറിച്ചുള്ള താല്പര്യം ഉളവാക്കുന്നു. | ഇന്റർനാഷണൽ സ്പേസ് സ്റ്റേഷൻ നിരീക്ഷണം, സൗരയൂഥ നിർമ്മാണം, റോക്കറ്റിന്റെ മോജൽ നിർമ്മാണം | ബഹിരാകാശ പഠനത്തെക്കുറിച്ചുള്ള താല്പര്യം കുട്ടികളിൽ ഉണ്ടാക്കുന്നു. ഉൽപ്പന്നങ്ങളുടെ പ്രദർശനം | ജനുവരി<br>ഫെബ്രുവരി |
| | | | |

**STD - VI**

**അടിസ്ഥാന ശാസ്ത്രം**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| വിവിധയിനം പൂക്കളെ നിരീക്ഷിച്ച് ഓരോന്നിൽ നിന്നും രൂപപ്പെടുന്ന ഫല ങ്ങൾ തിരിച്ചറിയുന്നു. | നിരീക്ഷണം, പട്ടികപ്പെടുത്തൽ | നമ്മുടെ ചുറ്റുപാടിലെ സസ്യങ്ങൾ നിരീക്ഷിച്ച് ഏക ലിംഗ പുഷ്പം, ദ്വിലിംഗപുഷ്പം ഇവ തിരിച്ചറി യുന്നു. ജാതി, കുടംപുളി, പപ്പായ, തുടങ്ങിയ സസ്യ ങ്ങളിൽ ചില കായ്ക്കാത്തതിന്റെ കാരണവും അവ നിലനിർത്തേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാ ക്കുന്നു. | ജൂൺ<br>മാർച്ച് |
| സമീകൃതാഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിയു കയും ജീവിത ശൈലി രോഗങ്ങളിൽ ജങ്ക് ഫുഡി നുള്ള പങ്ക് കുട്ടി മനസ്സിലാ ക്കുകയും ചെയ്യുന്നു. | ചാർട്ട് തയ്യാറാക്കൽ | ചുറ്റുപാടിൽ നിന്നും നമുക്കു ലഭിക്കുന്ന ചക്ക, മാങ്ങ, പപ്പായ, ചീര, പേരയ്ക്ക, ചാമ്പങ്ങ, പയർ മുതലായവയിലെ പോഷക സമൃദ്ധി മനസ്സിലാക്കി ആഹാരത്തിലുൾപ്പെടുത്തുന്നു. ജങ്ക് ഫുഡിന്റെ ദോഷങ്ങൾ മനസ്സിലാക്കി അതൊഴിവാക്കുന്നു. | നവംബർ<br>ഡിസംബർ |
| പ്രഥമശുശ്രൂഷ | സപ്ലിമെന്റ് ചെയ്യുന്നതിനുള്ള പരിശീലനം ചെറിയ മുറിവുകൾ, തൊണ്ടയിൽ വസ്തുക്കൾ കുടുങ്ങുക തുടങ്ങിയ അവസരങ്ങളിലെ പ്രഥമശു ശ്രൂഷ | വിവിധ തരത്തിലുള്ള പ്രഥമശുശ്രൂഷകൾ എങ്ങനെ ചെയ്യാമെന്ന ധാരണ കൈവരിക്കുന്നു. | ജനുവരി<br>ഫെബ്രുവരി |

STD - VII

**അടിസ്ഥാന ശാസ്ത്രം**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| കാർഷിക വൃത്തിയോട് അനുഗുണമായ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുക | പരിമിതമായ സ്ഥലത്ത് പോലും കൃഷി സാധ്യമാണ് എന്നു സൂചിപ്പിക്കുന്ന ചിത്രങ്ങൾ, വീഡിയോ എന്നിവയുടെ പ്രദർശനം<br>പ്രദേശത്തെ മുതിർന്ന കർഷകനുമായി അഭിമുഖം<br>വീടുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ<br>പ്രൊജക്ട് - Budding, grafting, layering | കൃഷിയോട് ആഭിമുഖ്യം വളർത്തുകയും കർഷകരോടുള്ള ആദരവ് കൂടുകയും ചെയ്യുന്നു.<br>ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് തുടങ്ങിയ നൂതന സാങ്കേതിക പ്രവർത്തനങ്ങൾ പരിശീലിക്കുന്നതിനുള്ള അവസരം | ജൂൺ<br>ജൂലൈ<br>ജൂലൈ<br>ഓഗസ്റ്റ് |
| മണ്ണിനെ ദോഷകരമായി ബാധിക്കുന്ന കൃഷിരീതികൾ തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്നു. | ജൈവകീടനാശിനിയുടെ നിർമ്മാണവും ഉപയോഗവും | | ജൂലൈ<br>ഓഗസ്റ്റ് |
| പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിലും വീടുകളിലും നടക്കുന്ന പ്രവർത്തനങ്ങളുടെ ഉല്പ്പന്നങ്ങളുടെ പ്രദർശിപ്പിക്കൽ | സ്കൂൾ തല ശാസ്ത്ര മേള (ക്വിസ്, പ്രദർശനങ്ങൾ, ശേഖരണം, മോഡൽസ്) | പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുന്നു. | ഓഗസ്റ്റ് |

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| കുട്ടികളിൽ സ്വാശ്രയ ശീലം വളർത്തൽ | സോപ്പ് നിർമ്മാണം | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സോപ്പിന്റെ ഘടകങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കുന്നതിനും സ്വന്തമായി സോപ്പ് നിർമ്മിക്കുന്നതിനും സാധിക്കുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ |
| വായു, ജലം, മണ്ണ് എന്നിവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധപ്പെടുന്നു. | ദിനാചരണങ്ങൾ (സെമിനാർ, പോസ്റ്റർ നിർമ്മാണം, ക്വിസ്) | പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നു | ജൂൺ - മാർച്ച് |
| ഭക്ഷ്യപരിശോധന | പ്രൊജക്ട് - ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തൽ | പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കഴിയുന്നു. | ഫെബ്രുവരി - മാർച്ച് |
| | | | |

STD - V

മാത്തമാറ്റിക്സ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. (സങ്കലനം, വ്യവകലനം, ഗണിത ക്ലിനിക്ക്)<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br>ഗുണനവുമായി ബന്ധപ്പെട്ട സംഖ്യാകളികളിലൂടെ കുട്ടികൾക്ക് ഗുണനപ്പട്ടിക നിർമ്മിക്കുവാൻ അവസരം നൽകുന്നു.<br>എല്ലാ ദിവസങ്ങളിലും ഗുണനപ്പട്ടിക പറഞ്ഞുകേൾപ്പിച്ചുകൊണ്ട് മനഃപാഠമാക്കുന്നു. | 6 മാസം | | |
| ഗണിത മാഗസിൻ നിർമ്മാണം<br>ഗണിതം മധുരമാക്കുവാനും ഗണിതത്തിനോടുള്ള താത്പര്യം കൂട്ടുവാനും | ജ്യാമിതീയ ചിത്രങ്ങൾ, ഗണിതപൂക്കളും ഇവയുടെ നിർമ്മാണം<br>ഗണിതവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, പസിൽസ്, ഗെയിംസ്, ക്വിസ് എന്നിവ ഉൾപ്പെടുത്തി കുട്ടികളുടെ നേതൃത്വത്തിൽ ഗണിത മാഗസിൻ ഉണ്ടാക്കുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ | ഗണിത അധ്യാപകർ<br>ഗണിത ക്ലബ്ബ് | |

| ആശയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കൽ | 1 വർഷം | ഗണിത അധ്യാപകരും കുട്ടികളും | |
| ഗണിത കോർണർ | ഇതുവഴി പാഠഭാഗവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ നിർമ്മിക്കുന്നു.<br>ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുന്നു. | 1 വർഷം | ഗണിത അധ്യാപകരും കുട്ടികളും | |
| | | | | |

**STD - VI**

**മാത്തമാറ്റിക്സ്**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| കോൺ / ജ്യാമിതി | ചതുരം,സാമാന്തരികം തുടങ്ങിയ രൂപങ്ങളുടെ മൂലകളിൽ രൂപപ്പെടുന്ന കോണുകൾ കണ്ടെത്തുന്നു. പ്രൊട്രാക്ടർ ഉപയോഗിച്ച് കോൺ അളക്കുന്നു. കോൺ വരയ്ക്കുന്ന പ്രവർത്തനത്തിലൂടെയും വിവിധ്യ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിലൂടെയും നിശ്ചിത അളവിൽ കോൺ വരയ്ക്കുന്ന രീതി കണ്ടെത്തുന്നു. വിവിധ ജ്യാമിതീയ പാറ്റേണുകൾ / ചിത്രങ്ങൾ വരയ്ക്കുന്നു. പ്രദർശനം നടത്തപന്നു. | വിവിധ കോണുകളിൽ വൃത്തകേന്ദ്രത്തെ ഭാഗിച്ച് ജ്യാമിതീയ പാറ്റേണുകൾ വരയ്ക്കുക | 1 മാസം<br>ജൂൺ -ജൂലൈ |
| ഭിന്നസംഖ്യ | അര, കാൽ, മുക്കാൽ എന്നിങ്ങനെയുള്ള ആശയങ്ങളുടെ ഓർമ്മിച്ചെടുക്കലും സംഖ്യകളെ എണ്ണണൽ സംഖ്യകളും ഭിന്നസംഖ്യകളും ചേർന്ന രൂപത്തിൽ എഴുതൽ, തിരിച്ച് എണ്ണൽ സംഖ്യയും ഭിന്നസംഖ്യയും ചേർന്ന രൂപത്തെ ഭിന്നസംഖ്യയായി എഴുതാനുള്ള ശേഷി വികസിപ്പിക്കൽ | ഭിന്നസംഖ്യകളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ | 2 മാസം<br>ജൂൺ - ആഗസ്റ്റ് |
| ഗണിത ആസ്വാദനം | ഭിന്നസംഖ്യകളുടെ സങ്കലന, വ്യവകലന ക്രിയകൾ പരിശീലിപ്പിക്കൽ<br>ഗണിതത്തിൽ നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ഗണിതത്തോട് താല്പര്യം വർദ്ധിപ്പിക്കുക.<br>ഗണിത പഠനം സുഗമമാക്കൽ | |

STD - VII

മാത്തമാറ്റിക്സ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ (ഭിന്നസംഖ്യക ളായ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) ഉറപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്,ഫ്ളാഷ് കാർഡ്.... എന്നിവ ഉപയോഗിക്കുന്നു) | ജൂൺ, ജൂലൈ മാസം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനി രയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഗസ്റ്റ്, സെപ്റ്റം ബർ, ഒക്ടോബർ മാസങ്ങളിൽ നാല് പീരിഡ് മാറ്റി വയ്ക്കുന്നു | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപ ങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>ഇവയിലൂടെ സമാന്തര വരകളും കോണുകളും ത്രികോ ണത്തിന്റെ കോണുകളും, പരപ്പളവും എന്നീ ആശയങ്ങൾ കുട്ടികൾക്ക് വ്യക്തമാക്കുന്നു. | ആവശ്യാനുസ രണം<br>1 വർഷം | | |

| ആശയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.സി.റ്റി. സാധ്യകൾ പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ , ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ, ഐ.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുവാൻ എളുപ്പത്തിൽ കഴിയുന്നു. | | | |
| മത്സരപരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ഒന്നാം ടേം പരീക്ഷകൾക്ക് ശേഷം പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികളെ കണ്ടെത്തി യു.എസ്.എസ്. പരീക്ഷയ്ക്കുള്ള പരിശീലനം നൽകുന്നു. | 6 മാസം (സെപ്റ്റംബർ - ഫെബ്രുവരി) | ഗണിത അധ്യാപകർ | |
| ഗണിത കോർണർ ക്ലാസ്സ് മുറിയിൽ നിർമ്മിക്കുന്നു | പാഠ്യഭാഗവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ (കോൺമാപിനി...) നിർമ്മിക്കുന്നു. ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുന്നു. | 1 വർഷം | വിദ്യാർത്ഥികളും ഗണിത അധ്യാപകരും | |
| | | | | |

STD - VIII

കണക്ക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ചതുഷ്ക്രിയകൾ ചെയ്യാൻ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് ടെസ്റ്റ് നടത്തി കണ്ടെത്തുന്നു. അവർക്ക് സ്പെഷ്യൽ ക്ലാസ്സ് നൽകുന്നു. വർക്ക് ഷീറ്റുകൾ നൽകി ആശയം ഉറപ്പിക്കുന്നു. | ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികൾ പ്രാപ്തരാകുന്നു. | 2 മാസം<br>ജൂൺ<br>ജൂലൈ |
| മത്സരപരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നു. NMMS പരീക്ഷയ്ക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നു. | കുട്ടികളിൽ മാത്സ് പഠനത്തോടുള്ള താല്പര്യം വർദ്ധിക്കുന്നു. | 5 മാസം<br>ആഗസ്റ്റ്<br>ഡിസംബർ |
| ഗണിതലാബ് സജ്ജീകരിക്കൽ | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ കുട്ടികളെ കൊണ്ട് ഉണ്ടാക്കിക്കുന്നു. | കുട്ടികളിൽ മാത്സ് പഠനത്തോടുള്ള താല്പര്യം വർദ്ധിക്കുന്നു. | 9 മാസം<br>ജൂൺ<br>ഫെബ്രുവരി |
| | | | |

STD - IX

കണക്ക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| പൈതഗോറസ് സിദ്ധാന്തം കുട്ടികളിൽ ഉറപ്പിക്കുന്നു. | ടീച്ചിംഗ് എയ്ഡിന്റെ സഹായത്താൽ പൈതഗോറസ് സിദ്ധാന്തം കുട്ടികളിൽ ഉറപ്പിക്കുന്നു, കൂടുതൽ വർക്ക്ഷീറ്റുകൾ നൽകി പൈതഗോറസ് സിദ്ധാന്തത്തിന്റെ ആപ്ലിക്കേഷൻ കുട്ടികൾ പരിശീലിക്കുന്നു. | പൈതഗോറസ് സിദ്ധാന്തത്തിന്റെ ആപ്ലിക്കേഷൻ കുട്ടികൾ മനസ്സിലാക്കുന്നു. | 2 മാസം<br>ജൂൺ<br>ജൂലൈ |
| മാത്സ് ഫെയറിന് കുട്ടികളെ പ്രാപ്തരാക്കുന്നു. | വിവിധ പ്രവർത്തനമേളകളിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് ശനിയാഴ്ചകളിലും വൈകുന്നേരങ്ങളിലും പരിശീലനം നൽകുന്നു. | മേളകളിലും മത്സരങ്ങളിലും നേട്ടം കൈവരിക്കുന്നു. | 3 മാസം<br>ആഗസ്റ്റ് - ഒക്ടോബർ |
| ഗണിത മാഗസിൻ നിർമ്മാണം | ഗണിതവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, പസിൽസ്, ഗെയിംസ്, ക്വിസ് എന്നിവ ഉൾപ്പെടുത്തി കുട്ടികളുടെ നേതൃത്വത്തിൽ ഗണിത മാഗസിൻ ഉണ്ടാക്കുന്നു. | ഗണിതത്തോട് താല്പര്യം വർദ്ധിക്കുന്നു | 2 മാസം<br>ജനുവരി<br>ഫെബ്രുവരി |
| | | | |

STD - X

കണക്ക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ആശയം | പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|---|
| ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ചതുഷ്ക്രിയകൾ ചെയ്യാൻ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് ടെസ്റ്റ് നടത്തികണ്ടെത്തുന്നു. അവർക്ക് സ്പെഷ്യൽ ക്ലാസ്സ് നൽകുന്നു. വർക്ക് ഷീറ്റ് നൽകി ആശയം ഉറപ്പിക്കുന്നു. | ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികൾ പ്രാപ്തരാകുന്നു. | 2 മാസം<br>ജൂൺ<br>ജൂലൈ |
| മാത്സ് ഫെയറിന് കുട്ടികളെ പ്രാപ്തരാക്കുന്നു. | ഓരോ ഇനത്തിലും മത്സരങ്ങൾ നടത്തി മേളകളിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് ശനിയാഴ്ചകലിലും വൈകുന്നേരങ്ങളിലും പരിശീലനം നൽകുന്നു. | മേളകളിലും മത്സരങ്ങളിലും നേട്ടം കൈവരിക്കുന്നു. | 3 മാസം<br>ആഗസ്റ്റ്<br>ഒക്ടോബർ |
| ഗണിത മാഗസിൻ നിർമ്മാണം | ഗണിതവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, പസിൽസ്, ഗെയിംസ്, ക്വിസ് എന്നിവ ഉൾപ്പെടുത്തി കുട്ടികളുടെ നേതൃത്വത്തിൽ ഗണിത മാഗസിൻ തയ്യാറാക്കുന്നു. | ഗണിതത്തോട് താല്പര്യം വർദ്ധിക്കുന്നു. | 2 മാസം<br>നവംബർ,<br>ഡിസംബർ |
| | | | |

**STD - V, VI, VII**

**സംസ്കൃതം**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷാ ജ്ഞാനം<br>അക്ഷരം, എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, അക്ഷര മരം നിർമ്മിക്കൽ, കാർട്ടൂൺ പ്രദർശനം. ഫ്ളാഷ്മോബ്, പ്രദർശനം, പാട്ടുകളും കഥകളും കേൾപ്പിക്കുക | | | |
| | പറയാം പഠിക്കാം<br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ<br>ലഘു സംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ<br>ജൂലൈ | സംസ്കൃത<br>കഥാപുസ്തകം<br>ഐ. സി. റ്റി. | റിസോഴ്സ്<br>പേഴ്സൺ |
| വീട് ഒരു പരീക്ഷണ ശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്തൃത്തിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>ഐ.സി.റ്റി. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ<br>ഒക്ടോബർ | സംസ്കൃത<br>നിഘണ്ടു | |
| വാനയാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>ഓരോ സംസ്കൃത പീരിയഡിലും ഓരോകുട്ടി ആദ്യ 5 മിനിട്ട് പുസ്തകം ഉറക്കെ വായിക്കൽ<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>കൂടുതൽ വായിച്ച വിദ്യാർത്ഥിയെ അനുമോദിക്കുക | 6 മാസം | ക്ലാസ്സ് ലൈബ്രറി | റിസോഴ്സ്<br>പേഴ്സൺ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ<br>മാർച്ച് | ക്ലാസ്സ് റൂം | |
| ആസ്വാദന ലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | നാടകം , കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകൽ<br>മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത പ്രാവശ്യം ആസ്വാദകൻ ആകണം.<br>പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു<br>ഗൃഹസന്ദർശനം നടത്തുന്നു, | ജൂൺ<br>മാർച്ച് | ക്ലാസ്സ് റൂം | റിസോഴ്സ് പേഴ്സൺ |
| ക്ലാസ്സ് റൂം ആകർഷകമാക്കുന്നതിന് | പെയിന്റിംങ്ങ്<br>ലൈബ്രറി ഒരുക്കുന്നു<br>സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |